എ.വൈ.ആർ

സൂറ-12

# യൂസുഫ്

قَالَ هِيَ رَٰوَدَتۡنِي عَن نَّفۡسِيۚ وَشَهِدَ شَاهِدٞ مِّنۡ أَهۡلِهَآ إِن كَانَ قَمِيصُهُۥ قُدَّ
مِن قُبُلٖ فَصَدَقَتۡ وَهُوَ مِنَ ٱلۡكَٰذِبِينَ ٢٦
وَإِن كَانَ قَمِيصُهُۥ قُدَّ مِن دُبُرٖ فَكَذَبَتۡ وَهُوَ مِنَ ٱلصَّٰدِقِينَ
٢٧
فَلَمَّا رَءَا قَمِيصَهُۥ قُدَّ مِن دُبُرٖ قَالَ إِنَّهُۥ مِن كَيۡدِكُنَّۖ
إِنَّ كَيۡدَكُنَّ عَظِيمٞ ٢٨
يُوسُفُ أَعۡرِضۡ عَنۡ هَٰذَاۚ وَٱسۡتَغۡفِرِي لِذَنۢبِكِۖ إِنَّكِ كُنتِ مِنَ ٱلۡخَاطِـِٔينَ
٢٩
۞وَقَالَ نِسۡوَةٞ فِي ٱلۡمَدِينَةِ ٱمۡرَأَتُ ٱلۡعَزِيزِ تُرَٰوِدُ فَتَىٰهَا عَن نَّفۡسِهِۦۖ قَدۡ
شَغَفَهَا حُبًّاۖ إِنَّا لَنَرَىٰهَا فِي ضَلَٰلٖ مُّبِينٖ ٣٠
فَلَمَّا سَمِعَتۡ بِمَكۡرِهِنَّ أَرۡسَلَتۡ إِلَيۡهِنَّ وَأَعۡتَدَتۡ لَهُنَّ مُتَّكَـٔٗا
وَءَاتَتۡ كُلَّ وَٰحِدَةٖ مِّنۡهُنَّ سِكِّينٗا وَقَالَتِ ٱخۡرُجۡ عَلَيۡهِنَّۖ فَلَمَّا رَأَيۡنَهُۥٓ
أَكۡبَرۡنَهُۥ وَقَطَّعۡنَ أَيۡدِيَهُنَّ وَقُلۡنَ حَٰشَ لِلَّهِ مَا هَٰذَا بَشَرًا إِنۡ هَٰذَآ إِلَّا
مَلَكٞ كَرِيمٞ ٣١

**26** യൂസുഫ് ബോധിപ്പിച്ചു: ഇവർ എന്നെ പ്രലോഭിപ്പിക്കുകയായിരുന്നു. അവളുടെ ബന്ധുക്കളിൽ പെട്ട ഒരു ന്യായസ്ഥൻ വിധിച്ചു: അവന്റെ കുപ്പായം മുൻവശത്താണ് കീറിയിട്ടുള്ളതെങ്കിൽ ഇവൾ പറഞ്ഞത് സത്യമാണ്. അവൻ നുണയനുമാകുന്നു.

**27** കുപ്പായം പിൻവശത്താണ് കീറിയിട്ടുള്ളതെങ്കിൽ ഇവൾ പറഞ്ഞത് കളവാണ്. അവൻ സത്യവാനുമാകുന്നു.

**28** യൂസുഫിന്റെ കുപ്പായം കീറിയത് പിൻവശത്താണെന്നു കണ്ടപ്പോൾ അദ്ദേഹം വിധിച്ചു: ഇതു തീർച്ചയായും നിങ്ങൾ പെണ്ണുങ്ങളുടെ കൗശലമാകുന്നു. നിങ്ങളുടെ കൗശലം ഭയങ്കരം തന്നെ.

**29** യൂസുഫ്, ഈ സംഭവം വിട്ടുകളയുക. പെണ്ണേ, നിന്റെ തെറ്റിനു മാപ്പിരക്കുക. നീ തന്നെയായിരുന്നു കുറ്റക്കാരി.

**30** നഗരത്തിലെ പെണ്ണുങ്ങൾ പറഞ്ഞു തുടങ്ങി: പ്രഭു പത്നി അവളുടെ വാല്യക്കാരനെ മോഹിച്ച് പ്രലോഭിപ്പിക്കുന്നു. പ്രേമത്താൽ പ്രാന്തു പിടിച്ചിരിക്കുകയാണവൾക്ക്. അവൾ തീരെ പിഴച്ചു പോയതായിട്ടാണ് നമുക്ക് തോന്നുന്നത്.

**31** പെണ്ണുങ്ങളുടെ ആക്ഷേപോക്തികളെക്കുറിച്ചു കേട്ട പ്രഭുപത്നി സ്വവസതിയിലേക്കു ക്ഷണിച്ചുകൊണ്ട് അവർക്ക് ദൂതയച്ചു. അവർക്കുവേണ്ടി ചാരുമഞ്ചങ്ങളൊരുക്കുകയും ഭോജ്യങ്ങളോടൊപ്പം ഓരോരുത്തർക്കും ഓരോ കത്തികൊടുക്കുകയും ചെയ്തു. അനന്തരം പെണ്ണുങ്ങൾക്കു മുന്നിൽ പ്രത്യക്ഷപ്പെടാൻ യൂസുഫിനോടു കൽപിച്ചു. യൂസുഫിനെ കണ്ടപ്പോൾ അവരമ്പരന്നുപോയി; സ്വന്തം കൈകൾ മുറിപ്പെടുത്തുകയും സാത്ഭുതം വിളിച്ചു പറയുകയും ചെയ്തു: ഓ, ദൈവമേ ഇതൊരു മനുഷ്യനേയല്ല. ഉന്നതനായ ഒരു മാലാഖ തന്നെയാണിത്.

എന്നെ മോഹിച്ച് പ്രലോഭിപ്പിക്കുകയായിരുന്നു =رَٰوَدَتۡنِي عَن نَّفۡسِيۚ അവൾ =هِيَ അവൻ(യൂസുഫ് ബോധിപ്പിച്ചു) പറഞ്ഞു =قَالَ
ഒരുസാക്ഷി, വിധികർത്താവ്, ന്യായസ്ഥൻ =شَاهِدٞ സാക്ഷ്യം വഹിച്ചു, വിധിച്ചു =وَشَهِدَ

| |
|---|
| مِّنْ أَهْلِهَآ= അവളുടെ കുടുംബത്തിൽപെട്ട إِن كَانَ قَمِيصُهُۥ= അവന്റെ കുപ്പായം ആണെങ്കിൽ قُدَّ= കീറപ്പെട്ടു(ട്ടിട്ടുള്ളത്) |
| مِن قُبُلٍ= മുൻവശത്ത് നിന്ന് فَصَدَقَتْ= അപ്പോൾ അവൾ സത്യം പറഞ്ഞു(ഞ്ഞത് സത്യമാണ്) |
| وَهُوَ= അവൻ مِنَ ٱلْكَـٰذِبِينَ= നുണപറയുന്നവരിൽ പെട്ടവനാകുന്നു |
| وَإِن كَانَ قَمِيصُهُۥ قُدَّ= അവന്റെ കുപ്പായം കീറപ്പെട്ടത് ആണെങ്കിൽ(കീറിയിട്ടുള്ളതാണെങ്കിൽ) |
| مِن دُبُرٍ= പിന്നിൽനിന്ന്(പിൻവശത്ത്) فَكَذَبَتْ= അവൾ കളവ്(ആണ്) പറഞ്ഞു(ഞ്ഞത്) |
| وَهُوَ مِنَ ٱلصَّـٰدِقِينَ= അവൻ സത്യവാ(നും)ന്മാരിൽപെട്ടവനും ആകുന്നു |
| فَلَمَّا رَءَا قَمِيصَهُۥ قُدَّ مِن دُبُرٍ= അവന്റെ കുപ്പായം പിന്നിൽനിന്ന് കീറപ്പെട്ടതായി കണ്ടപ്പോൾ قَالَ= അദ്ദേഹം പറഞ്ഞു |
| إِنَّهُۥ مِن كَيْدِكُنَّ= ഇതു തീർച്ചയായും നിങ്ങൾ(സ്ത്രീകളുടെ) കൗശലങ്ങളിൽ പെട്ടതാകുന്നു إِنَّ كَيْدَكُنَّ= നിങ്ങളുടെ കൗശലം |
| عَظِيمٌ= ഭയങ്കരം(തന്നെ) يُوسُفُ أَعْرِضْ= യൂസുഫ്, അവഗണിക്കുക, വിട്ടുകളയുക عَنْ هَـٰذَا= ഇതെക്കുറിച്ച് (ഈസംഭവം) |
| وَٱسْتَغْفِرِى= പെണ്ണേ നീ മാപ്പിരക്കുക لِذَنۢبِكِ= നിന്റെ തെറ്റിന് إِنَّكِ كُنتِ= തീർച്ചയായും നീ(തന്നെ)ആയിരുന്നു |
| مِنَ ٱلْخَاطِـِٔينَ= കുറ്റക്കാരിൽപ്പെട്ടവൾ وَقَالَ= പറഞ്ഞു(തുടങ്ങി) نِسْوَةٌ= പെണ്ണുങ്ങൾ فِى ٱلْمَدِينَةِ= നഗരത്തിൽ |
| ٱمْرَأَتُ ٱلْعَزِيزِ= പ്രഭുപത്നി تُرَٰوِدُ فَتَىٰهَا عَن نَّفْسِهِۦ= അവളുടെ വാല്യക്കാരനെ മോഹിച്ചു പ്രലോഭിപ്പിക്കുന്നു |
| قَدْ شَغَفَهَا= അവളുടെ ഹൃദയകവചം കീറിപ്പോയിരിക്കുന്നു(പ്രാന്തു പിടിച്ചിരിക്കുകയാണവൾക്ക്) حُبًّا= പ്രേമത്താൽ |
| إِنَّا= നമ്മൾ لَنَرَىٰهَا= തീർച്ചയായും അവളെ കാണുന്നു(നമുക്ക് തോന്നുന്നത്) |
| فِى ضَلَـٰلٍ مُّبِينٍ= തുറന്ന വഴികേടിൽ (അവൾ തീരെ പിഴച്ചു പോയതായിട്ടാണ്) فَلَمَّا سَمِعَتْ= അവൾ(പ്രഭുപത്നി)കേട്ടപ്പോൾ |
| بِمَكْرِهِنَّ= അവരുടെ തന്ത്രത്തെക്കുറിച്ച്(പെണ്ണുങ്ങളുടെ ആക്ഷേപോക്തികളെക്കുറിച്ച്) |
| أَرْسَلَتْ إِلَيْهِنَّ= അവർക്ക് ദൂതയച്ചു (സ്വവസതിയിലേക്ക് ക്ഷണിച്ചുകൊണ്ട്) وَأَعْتَدَتْ= അവൾ ഒരുക്കിവെക്കുകയും ചെയ്തു |
| لَهُنَّ= അവർക്കുവേണ്ടി مُتَّكَـًٔا= ചാരുമഞ്ചങ്ങൾ وَءَاتَتْ= കൊടുക്കുകയും ചെയ്തു (ഭോജ്യങ്ങളോടൊപ്പം) |
| كُلَّ وَٰحِدَةٍ مِّنْهُنَّ= അവരിൽപെട്ട എല്ലാ ഓരോ സ്ത്രീക്കും(ഓരോരുത്തർക്കും) سِكِّينًا= (ഓരോ)കത്തി |
| وَقَالَتِ= അവൾപറഞ്ഞു(അനന്തരം യൂസുഫിനോടു കൽപിച്ചു) |
| ٱخْرُجْ عَلَيْهِنَّ= അവരുടെമേൽ പുറപ്പെടുക (ആ പെണ്ണുങ്ങൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടാൻ) |
| فَلَمَّا رَأَيْنَهُۥ= അവർ(പെണ്ണുങ്ങൾ) അവനെ(യൂസുഫിനെ നേരിൽ) കണ്ടപ്പോൾ |
| أَكْبَرْنَهُۥ= അവരദ്ദേഹത്തെ പ്രതീക്ഷിച്ചതിലേറെ ഉന്നതനും മഹനീയനുമെന്നറിഞ്ഞു(അമ്പരന്നുപോയി) |
| وَقَطَّعْنَ أَيْدِيَهُنَّ= അവർ അവരുടെ കരങ്ങൾ മുറിച്ചു (സ്വന്തം കരങ്ങൾ മുറിപ്പെടുത്തുകയും) |
| وَقُلْنَ= അവർ(സാത്ഭുതം വിളിച്ചു)പറയുകയും ചെയ്തു حَـٰشَ لِلَّهِ= ഓ, ദൈവമേ, ദൈവത്താണ |
| مَا هَـٰذَا= ഇത്(ഇദ്ദേഹം)അല്ല بَشَرًا= മനുഷ്യനാൽ(ഷ്യനേ) إِنْ هَـٰذَآ= ഇത് അല്ല(ആണിത്) |
| إِلَّا مَلَكٌ= ഒരു മലക്ക് അല്ലാതെ (മാലാഖ തന്നെ) كَرِيمٌ= ആദരണീയനായ, ഉന്നതനായ |

**26–28:** പ്രഭുപത്നിയുടെ കുറ്റാരോപണം കേട്ട യൂസുഫ് സ്വന്തം നിരപരാധിത്വം ബോധിപ്പിച്ചു. സ്വന്തം നിലയിൽ നിജസ്ഥിതി മനസ്സിലാക്കാനും തീരുമാനമെടുക്കാനും ആ യജമാനന് കഴിയാതായി. ഒരുവശത്ത് സ്വന്തം ഭാര്യ, മറുവശത്ത് മകനെപ്പോലെ കരുതുന്ന ഭൃത്യൻ. രണ്ടുപേരെയും വിശ്വസിക്കാനോ അവിശ്വസിക്കാനോ വയ്യ. പ്രശ്നത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാനും വിധിപറയാനും അദ്ദേഹം ഭാര്യയുടെ കുടുംബത്തിൽനിന്ന് ഒരു കാരണവരുടെ സഹായം തേടി. അദ്ദേഹം നടത്തിയ മധ്യസ്ഥത്തെക്കുറിച്ചാണ് وَشَهِدَ شَاهِدٌ എന്നു പറഞ്ഞിരിക്കുന്നത്. ഒരു സാക്ഷി സാക്ഷ്യപ്പെടുത്തി എന്നും ഒരു വിധികർത്താവ് വിധിച്ചു എന്നും ഇതിനർഥമാകാം. രണ്ടാമത്തെ അർഥമാണ് സന്ദർഭോചിതം. ഈ شَاهِدٌ ഒരു ശിശുവായിരുന്നുവെന്നും അത് തൊട്ടിലിൽ കിടന്ന് സംസാരിക്കുകയായിരുന്നുവെന്നും ചില ദുർബല നിവേദനങ്ങളുണ്ട്. എന്നാൽ അങ്ങനെയൊരു ദിവ്യാത്ഭുത പ്രകടനമൊന്നും ആവശ്യപ്പെടുന്നതായിരുന്നില്ല ആ സാഹചര്യം. കൂടാതെ شَاهِدٌ مِّنْ أَهْلِهَآ അവളുടെ കുടുംബത്തിൽപെട്ട സാക്ഷി എന്ന വാക്ക്, ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ നിലവാരമുള്ളകുടുംബങ്ങൾ സ്വീകരിക്കുന്ന മാന്യമായ നടപടിയെയാണ് അനുസ്മരിപ്പിക്കുന്നത്. യൂസുഫ് ഖിസ്സയിൽ അദ്ദേഹത്തിന്റെ കുപ്പായം മൂന്നിടത്ത് പ്രാധാന്യം നേടുന്നുണ്ട്. അതിൽ രണ്ടാമത്തെ സന്ദർഭമാണിത്. ആദ്യം കുപ്പായം കടന്നുവരുന്നത് അദ്ദേഹത്തെ വഞ്ചിച്ച സഹോദരന്മാർ ഹാജാരാക്കുന്ന കള്ളത്തെളിവായിട്ടാണ്. ഇവിടെ അദ്ദേഹത്തിന്റെ സ്വഭാവശുദ്ധി സാക്ഷ്യപ്പെടുത്തുന്ന യഥാർഥ തെളിവായിട്ടും. ഇനി 93-ാം സൂക്തത്തിൽ, യഅ്ഖൂബ് നബിക്ക് കാഴ്ച തിരിച്ചു നൽകുന്ന ദിവ്യാത്ഭുത മാധ്യമമായും കുപ്പായം കടന്നുവരുന്നതു കാണാം.

സംഭവത്തിനു ദൃക്സാക്ഷികളില്ലാത്തതിനാൽ സാഹച

ര്യത്തെളിവുകളന്വേഷിക്കുകയേ മധ്യസ്ഥന് മാർഗമുണ്ടായിരുന്നുള്ളൂ. പ്രഭ്വി പിടികൂടാൻ തുനിഞ്ഞപ്പോൾ യൂസുഫ് വിസമ്മതിച്ച് പിന്തിരിഞ്ഞോടുകയായിരുന്നു എന്നാണല്ലോ അദ്ദേഹത്തിന്റെ വാദം. അതാണ് സത്യമെങ്കിൽ തിരിഞ്ഞോടുന്ന യൂസുഫിനെ അവൾ പിന്നിൽനിന്നു പിടിക്കാൻ നോക്കിയപ്പോൾ അദ്ദേഹത്തിന്റെ വസ്ത്രം പിൻവശത്താണ് കീറിയിട്ടുണ്ടാവുക. അതല്ല, അദ്ദേഹം അവരെ കടന്നു പിടിക്കുകയും അവർ ചെറുത്തുനിൽക്കുകയുമായിരുന്നുവെങ്കിൽ വസ്ത്രം കീറിയിട്ടുണ്ടാവുക മുൻവശത്തായിരിക്കും. പരിശോധനയിൽ യൂസുഫിന്റെ വസ്ത്രം പിൻവശത്താണ് കീറിയിട്ടുള്ളതെന്നു കണ്ടെത്തിയ മധ്യസ്ഥൻ അദ്ദേഹം പറയുന്നതാണ് സത്യമെന്നും പ്രഭ്വിയുടെ വാദം, ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീകൾ സാധാരണ പ്രയോഗിക്കുന്ന കുതന്ത്രമാണെന്നും വിധിച്ചു. നിന്റെ കൗശലം എന്നതിനു പകരം كَيْدَكُنَّ (നിങ്ങളുടെ കൗശലം) എന്ന് ബഹുവചനത്തിൽ പറഞ്ഞത് പൊതുവിൽ സ്ത്രീകൾ പയറ്റുന്ന ഒരു തന്ത്രമാണിതെന്നു സൂചിപ്പിക്കാനാണ്. പൊതുവിൽ അവലംബിക്കപ്പെടുന്നുവെങ്കിലും ഈ തന്ത്രം നിസ്സാരമല്ല ഭയങ്കരമാണ് എന്നുണർത്തുകയാണ് كَيْدَكُنَّ عَظِيمٌ എന്നവാക്യം.

**29:** ഇത് പറഞ്ഞത് മധ്യസ്ഥനാവാം, ആ സ്ത്രീയുടെ ഭർത്താവുമാകാം. മധ്യസ്ഥനാണ് വക്താവെങ്കിലും ഭർത്താവിന്റെ സമ്മതത്തോടെയാണതെന്നു വ്യക്തം. ദാമ്പത്യബന്ധത്തിന്റെയും കുടുംബത്തിന്റെയും തകർച്ചയെ കാര്യഗൗരവത്തോടെ കാണുന്ന മധ്യസ്ഥർ ഇത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കുന്ന നിലപാട് ഇതുതന്നെയായിരിക്കും. ഒരു കക്ഷിയോട് സംഭവം പരസ്യമാക്കാതെ മറക്കാനും പൊറുക്കാനും അഭ്യർഥിക്കുക. അപരനെ കുറ്റം സമ്മതിച്ച് അല്ലാഹുവിനോട് പശ്ചാത്തപിക്കാനും മാപ്പിരക്കാനും മേലിൽ കുറ്റം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാനും ഉപദേശിക്കുക. ഈ വചനത്തിന്റെ വക്താവ് പ്രഭ്വിയുടെ ഭർത്താവാണെന്നും, അദ്ദേഹം ഭാര്യയുടെ പാതിവ്രത്യ വിഷയത്തിൽ അത്ര വീറുള്ളയാളായിരുന്നില്ലെന്ന് അത് സൂചിപ്പിക്കുന്നുവെന്നും ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. ഈജിപ്തിലെ അന്നത്തെ പൊതു സദാചാരനിലവാരത്തിനിണങ്ങുന്നതാണ് ഭർത്താവിന്റെ ഈ നിലപാടെന്നും അഭിപ്രായമുണ്ട്.

**30:** യൂസുഫും പ്രഭുപത്നിയും തമ്മിലുണ്ടായ പ്രശ്നം വിചാരണ ചെയ്ത പ്രഭുവും കാരണവരും വിഷയം ഒതുക്കിത്തീർക്കുകയും പുറത്താരും അറിയാനിടയാകാതെ മറന്നുകളയണമെന്ന് യൂസുഫിനോടാവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും അതങ്ങനെ മാഞ്ഞുപോയില്ല. സംഭവം സാവകാശം സ്ത്രീകൾക്കിടയിൽ ചർച്ചാവിഷയമായി. نِسْوَةٌ فِي الْمَدِينَةِ -പട്ടണത്തിലെ പെണ്ണുങ്ങൾ- കൊണ്ടുദ്ദേശ്യം ഈജിപ്ഷ്യൻ രാജാവിന്റെ തലസ്ഥാനമായിരുന്ന മൻഫിസ് നഗരത്തിലെ ഉന്നത കുടുംബങ്ങളിലെ സ്ത്രീകളാണ്. പ്രഭു തന്റെ സഹപ്രവർത്തകരിലാരോടോ ഗാർഹികപ്രശ്നത്തെക്കുറിച്ച് രഹസ്യമായി അഭിപ്രായമാരാഞ്ഞുവെന്നും അയാളതു സ്വന്തം ഭാര്യയോടു പറയുകയും അവൾ മുഖേന മറ്റു സ്ത്രീകൾ അറിയുകയും ചെയ്തുവെന്നുമാണ് ചില ചരിത്രകാരന്മാർ പറയുന്നത്. പ്രഭുപത്നി ഉറ്റ സ്നേഹിതയുമായി തന്റെ മനോവ്യഥ പങ്കുവെച്ചതു വഴിയാണ് രഹസ്യം പുറത്തായതെന്നാണ് വേറെ ചിലരുടെ അഭിപ്രായം. അതെങ്ങനെയായാലും ഇത്തരം പ്രശ്നങ്ങൾ എത്ര മൂടിവെച്ചാലും സാവകാശം പുറത്തുവരിക സാധാരണമാണ്. യൂസുഫ് നബിയുടെ കാര്യത്തിൽ ഈ രഹസ്യം പുറത്തുവരേണ്ടത് അല്ലാഹു അദ്ദേഹത്തിനു നിശ്ചയിച്ച പരിശീലന കോഴ്സിന്റെ ഭാഗമായിരുന്നു.

പെണ്ണുങ്ങൾ അതേപ്പറ്റി പറഞ്ഞുനടന്നു. ഓ, നമ്മുടെ പോത്തിഫറിന്റെ ഭാര്യ അവളുടെ വാല്യക്കാരനെ മോഹിച്ച് വശീകരിക്കാൻ നടക്കുകയാണ്. വാല്യക്കാരനാവട്ടെ അവൾക്കൊട്ടു വഴങ്ങുന്നുമില്ല. അവൾക്കാണെങ്കിൽ പ്രേമം മൂത്ത് സമനില തെറ്റിയിരിക്കുകയാണ്. എന്തൊരു നാണക്കേട്! فتى എന്ന മൂലപദത്തിന് യുവാവ് എന്നും വേലക്കാരൻ എന്നും അർഥമുണ്ട്. യുവാവായ വേലക്കാരനാണ് ഇവിടെ ഉദ്ദേശ്യം. ഹൃദയത്തെ ആവരണം ചെയ്യുന്ന പാടയാണ് شغاف. അതിൽനിന്നുത്ഭവിച്ച ക്രിയാപദമാണ് شغف. ആഘാതം ഹൃദയകവചത്തെ ഭേദിച്ച് അകക്കാമ്പിലെത്തി, ഹൃദയാന്തരാളത്തിലേക്ക് തുളച്ചുകയറി എന്നാണ് ഇതിന്റെ ഭാഷാർഥം. 'അവൾ തീരെ പിഴച്ചുപോയതായി തോന്നുന്നു -إِنَّا لَنَرَاهَا فِي ضَلَالٍ مُّبِينٍ- എന്ന് പറയുന്നത് മതത്തിൽനിന്ന് വഴിപിഴച്ചുപോയി എന്ന അർഥത്തിലല്ല. വ്യത്യസ്തമായ മറ്റുരണ്ടു മാനമാണതിനുള്ളത്. ഒന്ന്, അവൾ പാതിവ്രത്യത്തിൽനിന്നും സദാചാരത്തിൽനിന്നും വ്യതിചലിച്ചിരിക്കുന്നു. രണ്ട്, വിഷയം കൈകാര്യം ചെയ്യുന്നതിൽ അവൾക്ക് തീരെ പിഴച്ചുപോയി. സ്വന്തം വാല്യക്കാരനെ മോഹിക്കുക എന്നതുതന്നെ അവരെപ്പോലൊരു വനിതക്ക് ഒട്ടും ചേർന്നതല്ല. അഥവാ അങ്ങനെയൊരാസക്തി തോന്നിയാൽ തന്നെ വളരെ സൂക്ഷിച്ച് സമർഥമായി വേണ്ടേ അതു സാധിക്കാൻ. ഈ മൂഢസ്ത്രീ എന്താണ് ചെയ്തത്? വേലക്കാരന്റെ പിന്നാലെ പ്രേമപ്പിരാന്തുമായി മണ്ടിനടന്നു. അവനോ അവളെ നിർദയം നിരസിച്ചു. ആഗ്രഹ സാഫല്യത്തിൽ തികഞ്ഞ പരാജയം. അതു പോരാഞ്ഞ് സംഭവം നാട്ടിലാകെ പാട്ടാവുകയും ചെയ്തു. ഇതിൽപരം നാണക്കേടെന്തുണ്ട്?

**31:** യൂസുഫുമായുണ്ടായ പ്രശ്നത്തിന്റെ പേരിൽ താൻ നഗരത്തിലെ സ്ത്രീകൾക്കിടയിൽ ആക്ഷേപിക്കപ്പെടുന്നതും അപമാനിക്കപ്പെടുന്നതും പ്രഭുപത്നി അറിഞ്ഞു. سَمِعَتْ بِمَكْرِهِنَّ എന്നാണ് മൂലവാക്ക്. ആക്ഷേപോക്തികളെയും പരിഹാസോക്തികളെയുമാണ് ഇവിടെ مكر എന്ന് വ്യവഹരിച്ചിക്കുന്നത്. ഗൂഢമായി ചെയ്യുന്നതും ഗൂഢോദ്ദേശ്യത്തോടെ ചെയ്യുന്നതും ആണ് مكر. പ്രഭുപത്നിക്കെതിരെയുള്ള സ്ത്രീകളുടെ അപവാദ പ്രചാരണത്തെ مكر എന്ന് വിശേഷിപ്പിച്ചത്, അതിൽ ഗൂഢസ്വഭാവമോ ഗൂഢോദ്ദേശ്യമോ അല്ലെങ്കിൽ രണ്ടും ഒരുമിച്ചോ ഉള്ളതുകൊണ്ടാവാം. യൂസുഫ്-സുലൈഖാ കേസുതന്നെ ഒരു രഹസ്യമാണല്ലോ. അതേക്കുറിച്ചുള്ള ചർച്ചകൾക്കും ഒരു രഹസ്യ സ്വഭാവമുണ്ടായിരിക്കും. കുലീന കുടുംബങ്ങളിലെ രഹസ്യങ്ങൾ തത്തുല്യമായ കുടുംബങ്ങളിലെ ആളുകൾ പരസ്യമായി ചർച്ച ചെയ്യാറില്ല. അഥവാ പരസ്യമായി ചർച്ച ചെയ്യുന്നുവെങ്കിൽ, പ്രത്യക്ഷത്തിൽ അതു ധാർമിക രോഷപ്രകടനമായിരിക്കുമെങ്കിലും ബന്ധപ്പെട്ട വ്യക്തികളോടുള്ള അസൂയയാകുന്നു. അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തി അവമതിക്കപ്പെടുന്നതിലുള്ള ഗൂഢമായ ആനന്ദമായിരിക്കും അതിന്റെ പിന്നിലുള്ള പ്രചോദനം.

നഗരത്തിലെ കുലീന വനിതകൾക്കിടയിൽ താൻ ആക്ഷേപിക്കപ്പെടുകയും അപകീർത്തിപ്പെടുകയും ചെയ്യുന്നു എന്നറിഞ്ഞ പ്രഭുപത്നിക്ക് സ്വാഭാവികമായും വലിയ മനക്ലേശമുണ്ടായി. തനിക്ക് തെറ്റുപറ്റി എന്നത് സത്യമാണെങ്കിലും അതിന്റെ പേരിൽ താൻ ഈ വിധം അപവദിക്കപ്പെടേണ്ട കാര്യമില്ല. യൂസുഫിനെപ്പോലൊരാളുടെ കാര്യത്തിൽ മറ്റേതൊരു സ്ത്രീക്കും സംഭവിക്കാവുന്നതേ തനിക്കും സംഭവിച്ചിട്ടുള്ളൂ. ഈ മാന്യവനിതകളെ അതൊന്നു ബോധ്യപ്പെടുത്തുക തന്നെ വേണമെന്ന് അവർ തീരുമാനിച്ചു. അതിന്നായി വീട്ടിൽ ഒരു സൽക്കാരം നിശ്ചയിക്കുകയും അതിൽ പങ്കെടുക്കാൻ

ക്ഷണിച്ചു കൊണ്ട് സ്നേഹിതകൾക്കെല്ലാം ദൂതയക്കുകയും ചെയ്തു. അതിഥികൾക്കു സംസാരിച്ചും സാവകാശം ഭക്ഷണം കഴിച്ചും ദീർഘനേരം ഇരിക്കാൻ പാകത്തിൽ ചാരുമഞ്ചങ്ങളൊരുക്കിയിരുന്നു. വിഭവങ്ങൾ വിളമ്പിയപ്പോൾ അത് മുറിച്ചെടുത്ത് കഴിക്കാൻ ഓരോരുത്തർക്കും കത്തികളും വെച്ചു. സൽക്കാര സഭകളിൽ ചാരുമഞ്ചങ്ങളൊരുക്കുന്നതും അതിൽ ചാരിക്കിടന്ന് ഭക്ഷണം കഴിക്കുന്നതും വിഭവങ്ങൾ ആവശ്യാനുസാരം മുറിച്ചെടുക്കാൻ ഭക്ഷണത്തോടൊപ്പം അതിഥികൾക്ക് കത്തിനൽകുന്നതും അക്കാലത്ത് റോമിലും ഈജിപ്തിലുമൊക്കെ സാധാരണമായിരുന്നു. ഒരുമിച്ചുള്ള ഭക്ഷണവും വെടിപറച്ചിലും കാര്യവിചാരവുമൊക്കെയായി സൽക്കാരത്തിന് നീണ്ടനേരം വേണ്ടിവരുന്നതിനാലാണ് ചാരുമഞ്ചങ്ങൾ വിതാനിക്കുന്നത്. കത്തിയും മുള്ളും ഇന്നും പാശ്ചാത്യൻ ഭക്ഷണത്തളികയുടെ ഭാഗമാണല്ലോ. ഇത്തരം സൽക്കാര സഭകളുടെ അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. അറബികളിൽ ഈ ഭക്ഷണസമ്പ്രദായമുണ്ടായിരുന്നില്ല. ഈജിപ്തിലെ പുരാതന സമ്പ്രദായം ഇസ്‌ലാം അനുകരിച്ചതുമില്ല. ഞാൻ ചാരിക്കിടന്ന് തിന്നുകയില്ല. -أما أنا فلا آكل متكئا- എന്ന് നബി(സ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. مُتَّكَـًٔا ന് ചെറുനാരങ്ങ എന്നും ചില പണ്ഡിതന്മാർ അർഥം നൽകിയിട്ടുണ്ട്; അതിഥികൾക്ക് കത്തികൊടുത്തത് അത് മുറിക്കാനായിരുന്നുവെന്നും.

സൽക്കാരത്തിനു ക്ഷണിക്കപ്പെട്ട വനിതകൾ യൂസുഫ്-സുലൈഖാ സംഭവം ധാരാളം ചർച്ച ചെയ്തിരുന്നുവെങ്കിലും അവരാരും അതുവരെ യൂസുഫിനെ കണ്ടിട്ടുണ്ടായിരുന്നില്ല. ഉയർന്ന വീടുകളിൽ സാധാരണ കാണപ്പെടുന്നതുപോലുള്ള ഒരു വാല്യക്കാരൻ, അടിച്ചെറുക്കൻ ആയിട്ടേ അവരദ്ദേഹത്തെ സങ്കൽപിച്ചിരുന്നുള്ളൂ. അതിഥികൾ ഭക്ഷണത്തിലേർപ്പെട്ട നേരത്ത് പ്രഭുപത്നി യൂസുഫിനെ അവർക്കു മുമ്പിൽ കൊണ്ടുവന്നു നിർത്തി. യൂസുഫിനെ കണ്ടമാത്രയിൽ അവർ മതികെട്ടുപോയി. പൗരുഷം തികഞ്ഞ അരോഗദൃഢഗാത്രം, യൗവ്വനം തുടിക്കുന്ന കോമള രൂപം, കാന്തിയും കാന്തശക്തിയുമുള്ള ആ മുഖം, അതിൽ വിളങ്ങുന്ന മാന്യതയും മര്യാദയും ശാലീനതയും. അടിമകളിൽ പോകട്ടെ, രാജാക്കന്മാരിൽ പോലും സങ്കൽപിച്ചിട്ടില്ലാത്ത സൗന്ദര്യത്തിടമ്പ് കൺമുന്നിൽ വന്നു നിൽക്കുമ്പോൾ അവരെങ്ങനെ മതികെടാതിരിക്കും. ആ മതിഭ്രമത്തിനിടയിൽ അറിയാതെ അവർ കൈയിലുണ്ടായിരുന്ന കത്തികൊണ്ട് സ്വന്തം കൈകൾ മുറിപ്പെടുത്തിക്കളഞ്ഞു. ഓ, ദൈവമേ ഇതൊരു മനുഷ്യനേയല്ല, ദിവ്യനായ ഒരു മാലാഖ തന്നെയാണിദ്ദേഹം. അവർ വിളിച്ചുപറഞ്ഞു.

ഒരു വ്യക്തിക്ക് അല്ലെങ്കിൽ സംഗതിക്ക് വളരെ വലിയ മഹത്വവും ഗാംഭീര്യവുമുള്ളതായി അനുഭവപ്പെടുക എന്ന അർഥത്തിലുള്ള إكبارൽ നിന്നുള്ളതാണ് أَكْبَرْنَهُ എന്ന ക്രിയ. ഒരു വസ്തു നേരിൽ കണ്ടപ്പോൾ നേരത്തെ കരുതിയിരുന്നതിനെക്കാൾ വളരെ വിശിഷ്ടവും മഹത്തരവുമായി തോന്നി എന്ന അർഥത്തിൽ أكبر الشّيئ എന്നു പറയും. قَطَّعْنَ أَيْدِيَهُنَّ യുടെ തർജമ, അവർ സ്വകരങ്ങൾ മുറിച്ചു കളഞ്ഞു എന്നാണെങ്കിലും കൈകളിൽ മുറിവേൽപിച്ചു എന്നേ ഉദ്ദേശ്യമുള്ളൂ. ഈ മുറിവ് യൂസുഫിനെ കണ്ട് ഭ്രമിച്ചപ്പോൾ അവരറിയാതെ സംഭവിച്ചുപോയതാണെന്നാണ് മിക്ക വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയെപ്പോലുള്ള ചില പണ്ഡിതന്മാരുടെ അഭിപ്രായം ആ സ്ത്രീകൾ മനപൂർവം കൈകളിൽ മുറിവുണ്ടാക്കി ചോരയൊലിപ്പിക്കുകയായിരുന്നുവെന്നാണ്. യൂസുഫിനെ നേരിൽ കണ്ടപ്പോൾ അവർക്കും അദ്ദേഹത്തിൽ വലിയ മോഹമുണരുകയും അദ്ദേഹത്തെ പ്രലോഭിപ്പിച്ചു വശീകരിക്കാൻ ശ്രമിക്കുകയും ചെയ്തിരിക്കാം. അല്ലെങ്കിൽ, പ്രഭുപത്നിയുടെ മോഹം സാധിപ്പിച്ചുകൊടുക്കാൻ തങ്ങൾക്കു കഴിയുമെന്ന നാട്യത്തിൽ അവൾക്കുവേണ്ടി പ്രീണിപ്പിച്ചു നോക്കിയിരിക്കാം. പക്ഷേ, അതൊക്കെ നിഷ്ഫലമാവുകയായിരുന്നു. അപ്പോൾ അറ്റ കൈയായി അവരെടുത്ത അടവായിരുന്നു, ഇനിയും യൂസുഫ് വഴങ്ങുന്നില്ലെങ്കിൽ തങ്ങൾ ചത്തുകളയും എന്ന ഭീഷണി. തങ്ങളുടെ ഭീഷണി വെറും വാക്കല്ല എന്ന് കാണിക്കാൻ അവരിൽ ചിലർ അതിലേക്കുള്ള ആദ്യ ചുവടുവെയ്പ് എന്ന നിലയിൽ കൈയിലുണ്ടായിരുന്ന പഴം മുറിക്കുന്ന കത്തികൊണ്ട് സ്വയം മുറിപ്പെടുത്തി ചോരയൊലിപ്പിക്കുകയും ചെയ്തു. ഗുരുതരമായ പ്രശ്നങ്ങളിൽ തന്ത്രങ്ങളൊക്കെ പരാജയപ്പെടുമ്പോൾ സ്ത്രീകൾ ആത്മഹത്യാ ഭീഷണി മുഴക്കുക അപൂർവമല്ലല്ലോ.

ഈ വ്യാഖ്യാനത്തിനാധാരമായി ഈ സൂറയിലെ 33, 50, 51 സൂക്തങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. നിങ്ങളുടെ ആവശ്യത്തിന് വഴങ്ങുന്നതിനെക്കാൾ എനിക്കേറെയിഷ്ടം ജയിൽ ശിക്ഷയാണെന്ന് 33-ാം സൂക്തത്തിൽ യൂസുഫ്(അ) ആ സ്ത്രീകളോടു പറയുന്നുണ്ട്. പ്രഭു പത്നിയെപ്പോലെ അവരും അദ്ദേഹത്തെ പ്രലോഭിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നാണല്ലോ ഇതു സൂചിപ്പിക്കുന്നത്. 50-ാം സൂക്തത്തിൽ, തന്നെവിളിക്കാനെത്തിയ രാജദൂതനോട്, തിരിച്ചുപോയി, സ്വന്തം കൈകൾ മുറിപ്പെടുത്തിയ സ്ത്രീകളെക്കുറിച്ചന്വേഷിക്കാൻ രാജാവിനോടാവശ്യപ്പെടണമെന്നും അവരുടെ കുതന്ത്രം അല്ലാഹുവിന് നല്ലവണ്ണം അറിയാമെന്നും പറയുന്നു. നിങ്ങൾ യൂസുഫിനെ മോഹിച്ചു പ്രലോഭിപ്പിച്ചതിന്റെ -إِذْ رَاوَدتُّنَّ يُوسُفَ- അനുഭവമെന്തായിരുന്നുവെന്ന് രാജാവ് അവരോടന്വേഷിച്ചതായി 51-ാം സൂക്തം ഉദ്ധരിക്കുന്നു. ഞങ്ങളദ്ദേഹത്തെ പ്രലോഭിപ്പിച്ചിട്ടില്ല എന്ന് അവരാരും പറയുന്നില്ല. മറിച്ച് ഞങ്ങളദ്ദേഹത്തിൽ ഒരു ദോഷവും അറിഞ്ഞിട്ടില്ല എന്നായിരുന്നു അവരുടെ മറുപടി. അതായത് ഞങ്ങളുടെ പ്രലോഭനത്തിൽ അദ്ദേഹം വീണില്ല എന്ന്.

കൂടാതെ, യൂസുഫിനെ കണ്ട് ബോധരഹിതരായ ആ സ്ത്രീകൾ അറിയാതെ കൈമുറിപ്പെടുത്തുകയായിരുന്നുവെങ്കിൽ അതെക്കുറിച്ച് അവരുടെ കുതന്ത്രം -بِمَكْرِهِنَّ- എന്ന് പറയാൻ ന്യായമില്ല. അബോധാവസ്ഥയിൽ തന്ത്രങ്ങളാലോചിക്കാനും നടപ്പിലാക്കാനും ആർക്കാണ് കഴിയുക? ഈ കൈ മുറിപ്പെടുത്തലല്ലാതെ മറ്റെന്തെങ്കിലും ഒരടവ് അവർ പ്രയോഗിച്ചതായി ഖുർആൻ സൂചിപ്പിക്കുന്നുമില്ല.

മാശാ അല്ലാഹ്, സുബ്ഹാനല്ലാഹ്, മആദല്ലാഹ് തുടങ്ങിയവക്ക് സമാനമായ ഒരു പ്രയോഗമാണ് حَـٰشَ لِلَّهِ. സത്യം ചെയ്യുന്നു എന്ന അർഥത്തിലും അത്ഭുതപ്രകടനമായും ഇതുപയോഗിക്കും. സത്യം ചെയ്യുന്നു എന്ന അർഥത്തിലെടുക്കുമ്പോൾ അല്ലാഹുവാണ, ഇതുമനുഷ്യനല്ല എന്നാകും حَـٰشَ لِلَّهِ مَا هَـٰذَا بَشَرًا യുടെ അർഥം. ഇതൊരു മലക്കു തന്നെ എന്നു പറയുന്നത് അവർക്ക് മലക്കിനെ കണ്ടു പരിചയമുള്ളതുകൊണ്ടോ മലക്കിന്റെ രൂപം കൃത്യമായി അറിയാവുന്നതുകൊണ്ടോ അല്ല. യൂസുഫിന്റെ രൂപവും ഭാവവും ദേവതുല്യമാണ് അല്ലെങ്കിൽ അഭൗമമായ പരിവേഷമുള്ളതാണ് എന്നാകുന്നു അവരുടെ ഉദ്ദേശ്യം. വളരെ സാത്വികനും ശുദ്ധനും സുന്ദരനുമായ വ്യക്തിയെ മാലാഖയെപ്പോലുള്ള അല്ലെങ്കിൽ ദേവതുല്യനായ മനുഷ്യൻ എന്ന് എല്ലാ ഭാഷക്കാരും പറയാറുള്ളതാണ്. അതിന്റെ വിപരീതമായി രൂപം കൊണ്ടോ സ്വഭാവം കൊണ്ടോ വികൃതനും ഭീകരനുമായവനെ ചെകുത്താൻ എന്നും വിശേഷിപ്പിക്കുന്നു. ■